(ഡി) മേൽപ്പറഞ്ഞ തരത്തിലുള്ള റോഡുകൾക്കും പാലങ്ങൾക്കും 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ പണം വകയിരുത്തുക ഉണ്ടായോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മരാമത്തു വകുപ്പിന്റെ കീഴിൽ 275 റോഡുകൾ ഉണ്ടായിരുന്നു.

(ബി) 82 പാലങ്ങൾ ഉണ്ടായിരുന്നു.

(സി) ബഡ്ജറ്റിൽ മരാമത്ത് വകുപ്പിന്റെ നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളെല്ലാം മരാമത്ത് വകുപ്പുതന്നെ ഏറ്റെടുത്ത് നടത്തികൊണ്ടിരിക്കുകയാണ്.

(ഡി)&(ഇ) വകയിരുത്തിയിരുന്നു. എന്നാൽ വില്ലേജ് റോഡ് വിഭാഗത്തിൽ ഉൾപ്പെട്ട റോഡുകൾക്കും പാലങ്ങൾക്കും 1997-98, 1998-99 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല.

90 (2468) "പി.ഡബ്ല്യു.ഡി. റോഡുകൾക്ക് ടെണ്ടർ"

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി എത്ര രൂപയുടെ ടെണ്ടർ വിളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും റോഡ്, പാലം, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ഓരോ ഇനത്തിലും എത്ര രൂപയുടെ ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 169.80 കോടി രൂപയുടെ ടെണ്ടർ വിളിച്ചിട്ടുണ്ട്. കെട്ടിടങ്ങളും പ്രാദേശിക ജോലികളും, ദേശീയ പാത എന്നീ വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.[+] കെട്ടിടങ്ങളും പ്രാദേശിക ജോലികളും, ദേശീയപാത എന്നീ വിഭാഗങ്ങളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

91 (2469) നാലുവരി പാത നിർമ്മാണം

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.എ. തോമസ് :

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളിൽ എവിടെയെല്ലാമാണ് നാലു വരി പാത നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡുകളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത 47-ൽ ആലുവ മുതൽ ചേർത്തല വരെ നാലുവരി പാതയുടെ പണി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടുകൂടി നടന്നുവരുന്നു. ഈ പദ്ധതി എൻ-2, എൻ -3 എന്നീ രണ്ടു പാക്കേജുകളായി ചെയ്തു വരുന്നു.

എൻ-2 പാക്കേജ്

ആലുവ മുതൽ വൈറ്റില വരെയുള്ള ഭാഗം നാലുവരിയാക്കി ബലപ്പെടുത്തൽ. ഇതിൽ നാലു പാലങ്ങളുടെ പണി ഉൾപ്പെടുന്നു.

(1) പൂർണിക്കര പാലം

(2) കളമശ്ശേരി റെയിൽവേ ഓവർബ്രിഡ്ജ്.

(3) ഇടപ്പള്ളി പാലം

(4) പൊന്നുരുന്നി റെയിൽവേ ഓവർ ബ്രിഡ്ജ്.

എൻ.3 പാക്കേജ്

വൈറ്റില മുതൽ അരൂർ വരെ രണ്ട് നിര റോഡ് ബലപ്പെടുത്തൽ.അരൂർ മുതൽ ചേർത്തല വരെ നാലു വരിയായി ബലപ്പെടുത്തൽ. ഇതിൽ താഴെ കൊടുത്തിരിക്കുന്ന നാലു പാലങ്ങളുടെ പണി ഉൾപ്പെടുന്നു.

(1) പന്തിരൂർ

(2) കുത്തിയതോട്

(3) പൊന്നാം വേളി

(4) പുത്തൻ തോട്.

(ബി) ഈ പദ്ധതി ഇപ്പോൾ 99% പൂർത്തിയായിട്ടുണ്ട്. കൂടാതെ കളമശ്ശേരി റെയിവേ ഓവർ ബ്രിഡ്ജിന്റെ പണി റെയിൽവേയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. ഇതിന്റെ പണി പൂർത്തിയായിട്ടില്ല. 1999 ഡിസംബറോടുകൂടി പദ്ധതി പൂർത്തിയാക്കാനാണ് പരിപാടിയിട്ടിട്ടുള്ളത്.

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡു വികസനത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതി + അനുബന്ധം 1 -ൽ ചേർത്തിരിക്കുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly